# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 - 2026

# സ്കൂൾ വികസന പദ്ധതി

# St. JOSEPH'S L.P. SCHOOL
# PARAPPUZHA

School Code - 29352

UDISE Code - 32090800406

Email Id - sjlpsparapuzha@gmail.com

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026

# (സ്കൂൾ വികസന പദ്ധതി)

# SJLPS പാറപ്പുഴ

**PROFILE**

| | | |
|---|---|---|
| ജില്ല | : | ഇടുക്കി |
| താലൂക്ക് | : | തൊടുപുഴ |
| ബ്ലോക്ക് | : | ഇളംദേശം |
| പഞ്ചായത്ത് | : | കോടിക്കുളം |
| ഉപജില്ല | : | തൊടുപുഴ |
| BRC | : | കരിമണ്ണൂർ |
| CRC | : | നെടുമറ്റം |
| ഹെഡ്മാസ്റ്റർ | : | ശ്രീമതി. ജിൻസി റ്റി. ജോസ് |
| സ്കൂൾ ആരംഭിച്ചത് | : | 1951 |
| ക്ലാസ്സുകൾ | : | Pre Primary I - IV |
| Mail ID | : | sjlpsparapuzha@gmail.com |
| സ്കൂൾ മാനേജർ | : | റവ. ഫാ. ജയിംസ് വടക്കേകുടി |

## 2012 -13 മുതൽ 2025 - 26 വരെയുള്ള കുട്ടികളുടെ എണ്ണം

| Years | STD I | | | STD II | | | STD III | | | STD IV | | | Total (I – IV) | | | Pre- Primary | | | Total (Pre- Primary – IV) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 2012-2013 | 2 | 5 | **7** | 2 | 3 | **5** | | 2 | **2** | 5 | 5 | **10** | **9** | **15** | **24** | 2 | 1 | **3** | **11** | **16** | **27** |
| 2013-2014 | 2 | 3 | **5** | 4 | 3 | **7** | 3 | 2 | **5** | | 2 | **2** | **9** | **10** | **19** | 3 | 4 | **7** | **12** | **14** | **26** |
| 2014- 2015 | 3 | 4 | **7** | 4 | 2 | **6** | 4 | 2 | **6** | 3 | 2 | **5** | **14** | **10** | **24** | 4 | 7 | **11** | **18** | **17** | **35** |
| 2015- 2016 | 4 | 7 | **11** | 2 | 4 | **6** | 4 | 2 | **6** | 4 | 2 | **6** | **14** | **12** | **26** | 4 | 6 | **10** | **18** | **18** | **36** |
| 2016- 2017 | 6 | 7 | **13** | 5 | 6 | **11** | 2 | 4 | **6** | 2 | 2 | **4** | **15** | **19** | **34** | 5 | 2 | **7** | **20** | **21** | **41** |
| 2017- 2018 | 8 | 3 | **11** | 6 | 8 | **14** | 5 | 6 | **11** | 2 | 4 | **6** | **21** | **21** | **42** | 4 | 4 | **8** | **25** | **25** | **50** |
| 2018- 2019 | 4 | 4 | **8** | 9 | 2 | **11** | 6 | 10 | **16** | 5 | 6 | **11** | **24** | **22** | **46** | 4 | 4 | **8** | **28** | **26** | **54** |
| 2019- 2020 | 6 | 5 | **11** | 3 | 3 | **6** | 8 | 2 | **10** | 6 | 10 | **16** | **23** | **20** | **43** | 3 | 9 | **12** | **26** | **29** | **55** |
| 2020- 2021 | 5 | 9 | **14** | 6 | 5 | **11** | 3 | 4 | **7** | 8 | 2 | **10** | **22** | **20** | **42** | 5 | 5 | **10** | **27** | **25** | **52** |
| 2021- 2022 | 6 | 7 | **13** | 5 | 9 | **14** | 7 | 5 | **12** | 3 | 4 | **7** | **21** | **25** | **46** | 3 | 4 | **7** | **24** | **29** | **53** |
| 2022- 2023 | 2 | 4 | **6** | 6 | 7 | **13** | 6 | 9 | **15** | 7 | 4 | **11** | **21** | **24** | **45** | 2 | 3 | **5** | **23** | **27** | **50** |
| 2023-2024 | 1 | 7 | **8** | 1 | 3 | **4** | 6 | 6 | **12** | 6 | 9 | **15** | **14** | **25** | **39** | 7 | 7 | **14** | **21** | **31** | **52** |
| 2024-2025 | 6 | 5 | **11** | 1 | 7 | **8** | 1 | 4 | **5** | 5 | 5 | **10** | **13** | **21** | **34** | 4 | 3 | **7** | **17** | **24** | **41** |
| 2025-2026 | 2 | 0 | **2** | 6 | 5 | **11** | 1 | 5 | **6** | 1 | 3 | **4** | **10** | **13** | **23** | 6 | 6 | **12** | **16** | **19** | **35** |

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. കേരളം മറ്റു പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം കുട്ടികൾ പുതിയതായി വന്നുചേർന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തു പകരാൻ ഏറെ സഹായകരമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്
ജിൻസി റ്റി. ജോസ്

## എസ്.ജെ. എൽ.പി.എസ്. പാറപ്പുഴ

പാറപ്പുഴ പ്രദേശത്തെ പാവപ്പെട്ട ജനങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹ്യപരമായും ഉള്ള പുരോഗതിക്കുവേണ്ടി 1951 ജൂൺ 3ന് സ്ഥാപിക്കപ്പെട്ടതാണ്. പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം എന്ന ചിന്തയിൽ നിന്നും ഉയർന്നു വന്ന ആശയമാണിത്.

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഒന്നാംവാർഡായ പാറപ്പുഴയിൽ 1951 ജൂൺ 5 ന് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. ആദ്യ സ്കൂളിന് ഇന്നത്തെ അവസ്ഥയിലുള്ള കെട്ടിടങ്ങളോ മറ്റ് വിവിധങ്ങളായ സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. ആദ്യം 1000 ൽ അധികം കുട്ടികൾ ഈ സ്കൂളിൽ പഠിച്ചിരുന്നു. എന്നാൽ ഇന്ന് സമീപത്തുള്ള പല സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി ഉയർന്നു വന്നിരിക്കുന്നു. 1980 ലാണ് സ്കൂളിന് പുതിയ കെട്ടിടം പണി തീർത്തത്. ട്രെയിനിംഗ് ലഭിച്ച പ്രമുഖരായ അദ്ധ്യാപകർ ഇവിടെ പിപ്പിച്ചു വരുന്നു. പഠനത്തോടൊപ്പം കഠ, ഏഗ, പാഠ്യേതര പ്രവർത്തനങ്ങൾ ഇവയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടിരിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളിലുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ സേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ഓരോ കുട്ടിയുടെയും സമഗ്രമായ വികസനം ഉറപ്പാക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഉത്തമ പൗരന്മാരായി കുട്ടികളെ വളർത്തുക.
- എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- കലാ - കായികം, സയൻസ്, ഗണിതം, പ്രവൃത്തി പരിചയം എന്നീ മേഖലകളിൽ കുട്ടികളെ മികവുറ്റവരാക്കുക.
- ഓരോ കുട്ടിയിലും പഠനനേട്ടം എത്തിയെന്ന് ഉറപ്പാക്കുക. പ്രകൃതിയുമായി ഇണക്കി കുട്ടികളെ വളർത്തുക

- ലഘുയാത്രകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- സാങ്കേതിക വിദ്യയുടെ ഉപയോഗത്തോടെ പഠനം എളുപ്പമാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളള്ളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുന്നു.
- മാലിന്യ സംസ്ക്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- പരിസ്ഥിതി സൗഹൃദ ക്ലബ്ബുകൾ രൂപീകരിക്കുക.
- പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൽ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- കലാ - സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുക.
- മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ സമൂഹത്തിൽ നിലനിർത്താൻ സാധിക്കുന്നു.

- ❖ കമ്പ്യൂട്ടർ സാക്ഷരത ഉറപ്പാക്കുന്നു.
- ❖ സ്കൂളിലെ അനുദിന കാര്യങ്ങളിൽ മാതാപിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നു.
- ❖ പ്രകൃതി സൗഹൃദ പഠനാന്തരീക്ഷം ഉറപ്പാക്കുന്നു.

## കുട്ടികളുടെ മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

1. സ്കൂൾ അസംബ്ലി
2. ദിനാചരണങ്ങൾ
3. ജി.കെ. ഹണ്ട്.
4. പതിപ്പ്
5. ലൈബ്രറി
6. ബാലസഭ
7. സ്പോക്കൺ ഇംഗ്ലീഷ്
8. ഫീൽഡ് ട്രിപ്പ്
9. കൈയ്യെഴുത്തു മാസിക
10. ചിത്രരചനാ പരിശീലനം
11. വിവരസാങ്കേതിക വിദ്യ
12. ഉച്ചഭക്ഷണം
13. പഠനയാത്ര
14. സീഡ് പ്രവർത്തനങ്ങൾ
15. കലാ - കായിക പ്രവൃത്തി പരിചയം
16. ജന്മദിനത്തിൽ ഒരു പൂച്ചെണ്ട്.
17. ശാസ്ത്ര - ഗണിത ലാബ്
18. പ്രവൃത്തി പരിചയം
19. ഡിക്ഷ്ണറി തയ്യാറാക്കൽ
20. അക്ഷരങ്ങൾ അറിയുക.
21. ഹിന്ദി പഠനം
22. നൃത്ത പരിശീലനം
23. യോഗ

24. നാടൻ പാട്ട് പരിശീലനം

## സ്കൂൾ വികസന കാഴ്ചപ്പാട് - കരട് രേഖ

സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ഓരോ കുട്ടികളുടെയും അവ കാശമാണ്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളും ഉണ്ടായാലെ വ്യക്തിത്വവികാസം പൂർണ്ണമാവുകയൊള്ളൂ. ഇതിന് ആകർഷകമായ സ്കൂൾ അന്തരീക്ഷം അനിവാര്യ മാണ്. വിദ്യാലയ വികസനം പൂർണ്ണമാകമെങ്കിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കണം. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരണംമൂലം ഈ സ്കൂൾ ഇപ്പോൾ അനാദായക വിദ്യാലയങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുകയാണ്. അതിനാൽ ഇംഗ്ലീഷ് പഠനത്തിന് പ്രാധാന്യം നൽകി മികവുറ്റ പഠനരീതികൾ അവലംബിച്ച് കുട്ടി കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. 4 അധ്യാപകർ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ മാനേജർ റവ. ഫാ. ജെയിംസ് വടക്കേ കുടിയും, ഹെഡ്മിസ്ട്രസ് ശ്രീമതി. ജിൻസി റ്റി. ജോസ് ആണ്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകമാംവിധം സ്കൂളിന്റെ ഭൗതിക സാഹചര്യ ങ്ങൾ വികസിപ്പിക്കുന്നതിന് ദീർഘവീക്ഷണങ്ങളായ പല പദ്ധതികളും ആവിഷ്കരി ക്കണം. കുട്ടികളുടെ എണ്ണത്തിൽ കുറവ് വരാനുള്ള കാരണം ഭൗതിക സാഹചര്യങ്ങ ളുടെ കുറവാണ്. ഇത് SMC, PTA, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, എസ്.എസ്.എ.യും മറ്റ് സാമൂഹ്യസംഘടനകളുമായി ചേർന്ന് പരിഹരിക്കാവുന്നതാണ്.

## അക്കാദമിക് പ്ലാനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ

കുടിവെള്ളം, സ്മാർട്ട് ക്ലാസ്സ് മുറികൾ, ഉച്ചഭക്ഷണ സൗകര്യം, CWSN കുട്ടി കൾക്കുള്ള പഠനസൗകര്യങ്ങൾ, വാഹനസൗകര്യം, ലാബ്, ഗ്രൗണ്ട്, ഐ.റ്റി.റൂം., ഫർണ്ണീച്ചറുകൾ, ഓഡിറ്റോറിയം, സ്റ്റാഫ് റൂം, കലാകായിക പ്രവൃത്തിപരിചയം, ലൈബ്രറി, ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസ്സുകൾ, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധസസ്യ ങ്ങൾ, ജൈവവൈവിധ്യപാർക്ക്, പ്രീപ്രൈമറി ക്ലാസ് റൂം, പാചകപ്പുര തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള സമഗ്രവിസനം ലക്ഷ്യമിട്ടുകൊണ്ടാണ് അക്കാദമിക് പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്.

## ക്ലാസ് മുറി

കുട്ടികളുടെ എണ്ണം കുറഞ്ഞതോടെ, സാമ്പത്തിക പരാധീനതമൂലം ക്ലാസ് മുറി കൂടുതൽ ആകർഷകമാക്കാൻ സാധിക്കുന്നില്ല. താരതമ്യേന നല്ല രീതിയിലുള്ള ബാത്ത്റൂമും കളിസ്ഥലവും കുട്ടികൾക്ക് ലഭ്യമാണ്. അത്യാവശ്യം പരുക്കനിട്ട് മിനുസപ്പെടുത്തിയ തറയും, പെയിന്റടിച്ച് അകർഷകമാക്കിയ ഭിത്തിയും ഉണ്ട്. കുട്ടികള അംക്ക് ക്ലാസിലേക്ക് തിളപ്പിച്ച വെള്ളവും ലഭ്യമാക്കുന്നു.

എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠിക്കുന്നതിന് അവസരം നൽകുന്നു. എല്ലാ വിഷയങ്ങളിലും ഐ.ടി. അധിഷ്ഠിത പഠനം കാര്യക്ഷമമാക്കുന്നു. ഇന്റർനെറ്റ് ഉപയോഗിച്ച് കുട്ടികൾക്ക് ലഭിക്കേണ്ട അറിവുകൾ നൽകിവരുന്നു.

കുട്ടികൾക്ക് കിട്ടുന്ന അറിവുകൾ അതിന്റെ ആപ്ലിക്കേഷൻ ലെവലിൽ എത്തിക്കുന്നതിനായി ചെറിയ ചെറിയ പരീക്ഷണങ്ങളിൽ ഏർപ്പെടാനും ഒരു ലബോറട്ടറി സൗകര്യവും ലഭ്യമാക്കുന്നുണ്ട്. ലാബിലേക്ക് അത്യാവശ്യം വേണ്ട ഉപകരണങ്ങളും ശാസ്ത്രമൂല പരിപാലനവും നടത്തിവരുന്നു.

## ലൈബ്രറി

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ സ്കൂൾ ലൈബ്രറി എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്നു. കൂടാതെ ബാലപ്രസിദ്ധീകരണങ്ങൾ, പത്രം എന്നിവ ലഭ്യമാക്കുന്നു. ഓരോ ക്ലാസ്സിലും വായനാമൂല ഒരുക്കുന്നു. പുസ്തകങ്ങൾ കൈമാറി നൽകുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. നിലവിലുള്ള പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

പൊതുവിജ്ഞാനം

കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ദിവസവും അസംബ്ലിയിൽ ഏഗ ചോദ്യങ്ങൾ കുട്ടികൾ തയ്യാറാക്കി ചോദിക്കുന്നു. ചോദ്യങ്ങൾ തയയ്യാറാക്കുന്നതിന് അധ്യാപകർ സഹായിക്കുന്നു. വർഷാവസാനം ഈ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു മെഗാ ക്വിസ് മത്സരം നടത്തി 1000 രൂപ ക്യാഷ് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## സാഹിത്യരചന

കുട്ടികൾക്ക് കഥയും കവിതയും എഴുതാനും അത് അവതരിപ്പിക്കാനും അവസരം നൽകി വരുന്നു.

## സ്പോക്കൺ ഇംഗ്ലീഷ്

ഇംഗ്ലീഷ് പഠനം രസകരമാക്കുന്നതിനായി ലളിതമായ സ്റ്റോറികൾ ക്ലാസിൽ വായിക്കുന്നതിന് അവസരം നൽകുന്നു. ഇംഗ്ലീഷ് കേൾക്കുന്നതിനും സംസാരിക്കുന്ന തിനുമായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും ഐ.ടി. അധിഷ്ഠിത പഠന സൗകര്യ ങ്ങളും ലഭ്യമാക്കുന്നു.

## ഉല്ലാസഗണിതം

ഗണിതപഠനം രസകരമാക്കുന്നതിനായി ഗണിതകേളികൾ, രസകരങ്ങളായ പസിലുകൾ, പാറ്റേണുകൾ എന്നിവ കണ്ടെത്തി നൽകുന്നു. ഗണിത കിറ്റ് തയ്യാറാക്കു ന്നു. ചതുഷ്ക്രിയകളുടെ പഠനത്തിന് ഇവ പ്രയോജനപ്പെടുത്തുന്നു.

## LSS പരിശീലനം

4-ാം ക്ലാസ്സിലെ കുട്ടികളെ എൽ.എസ്.എസ്. പരീക്ഷയിൽ വിജയിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി എല്ലാ ദിവസവും അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഈ വർഷം 6ഓളം കുട്ടികൾ പരീക്ഷക്കായി ഒരുങ്ങുന്നു.

## പോഷകാഹാര വിതരണ രീതി

കുട്ടികളുടെ ബൗദ്ധികവും, ശാരീരികവും, മാനസികവുമായ വളർച്ചയ്ക്ക് പോഷകാഹാരം കൂടിയേ തീരൂ. സ്കൂളിലെ ഭൂരിഭാഗം കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ദാരിദ്രരേഖക്ക് താഴെ കഴിയുന്ന അവരുടെ ബൗദ്ധി കവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകുന്ന പോഷകഘടകങ്ങൾ അടങ്ങിയ ഭക്ഷണം കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഉച്ചഭക്ഷണത്തിൽ പോഷകസമൃദ്ധി ഉറപ്പ് വരുത്തുന്ന വിഭവങ്ങൾ സ്കൂളിൽ നട്ടുവളർത്തുന്നു. ഇതുകൂടാതെ സമഗ്ര-ആ രോഗ്യ, കായിക പരിപാടികൾ സ്കൂളിൽ നടത്തി വരുന്നു. ഇതിൽ ആരോഗ്യശീല ങ്ങൾ അടങ്ങിയ ചാർട്ടിന്റെ പ്രദർശനം, മാസ്ഡ്രിൽ എന്നിവ ഉൾപ്പെടുന്നു. വിശേഷാ വസരങ്ങളിൽ വ്യത്യസ്ത ഭക്ഷണങ്ങൾ കുട്ടികൾക്ക് നൽകാറുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്നും നല്ല ഒരു പാചകപ്പുര അനുവദിച്ച് കിട്ടി.

## പച്ചക്കറിത്തോട്ടം

സ്കൂളിലെ അധ്യാപകരുടെയും കുട്ടികളുടെയും നേതൃത്വത്തിൽ പച്ചക്കറി ത്തോട്ടം ഒരുക്കി അതിൽ നിന്നും കിട്ടുന്ന വിഭവങ്ങൾ കൊണ്ട് ഉച്ചഭക്ഷണം പോഷക സമൃദ്ധമാക്കുന്നു. കൃഷിഭവനിൽ നിന്നും, കുട്ടികളുടെയും അദ്ധ്യാപകരുടെയും

വീട്ടിൽ നിന്നും തൈകളും വിത്തുകളും ശേഖരിക്കുന്നു. കുട്ടികളും അദ്ധ്യാപകരും ചേർന്ന് അവപരിപാലിക്കുന്നു. ജൈവവളങ്ങളും, ജൈവകീടനാശിനികളും പ്രയോഗിക്കുന്നു. അങ്ങനെ വിഷം കലരാത്ത പച്ചക്കറികളും പഴങ്ങളും കൊണ്ട് ഉച്ചഭക്ഷണം പോഷകസമൃദ്ധമാക്കുന്നു.

## പൂന്തോട്ടം

സ്കൂളിനെ സൗന്ദര്യവൽക്കരിക്കുന്നതിനായി പൂന്തോട്ടം ഒരുക്കിയിട്ടുണ്ട്. പൂന്തോട്ടത്തിൽ ധാരാളം ചെടികളുണ്ട്. ്വ സ്കൂളിനെ കൂടുതൽ മനോഹരമാക്കുന്നു.

## ഔഷധസസ്യങ്ങൾ

സ്കൂളിൽ ഔഷധസസ്യങ്ങളുടെ ഒരു തോട്ടം സജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ കുട്ടികൾക്ക് പരിചിതമല്ലാത്ത ഔഷധസസ്യങ്ങളെപ്പറ്റി കൂടുതൽ പഠിക്കാനായി സാധിക്കുന്നു.

## മീൻകുളം

സ്കൂളിൽ പൂന്തോട്ടത്തിന്റെ നടുവിലായി ഒരു മീൻകുളം ഒരുക്കിയിട്ടുണ്ട്. മീൻകുളത്തിൽ ധാരാളം മീനുകൾ വസിക്കുന്നു.

## രക്ഷാകർതൃ സമിതി

പി.ടി.എ., എം.പി.ടി.എ. യോഗം കുട്ടികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ വർഷത്തിൽ മൂന്ന് തവണ പി.ടി.എ., എം.പി.ടി.എ. യോഗം ചേരുന്നു. ഇതിൽ ക്ലാസ്സ് പി.ടി.എ. രക്ഷിതാക്കൾക്ക് ഏകദിന പരിശീലനം, ബോധവത്ക്കരണ ക്ലാസ്, കുട്ടികളുടെ ഗൃഹസന്ദർശനം, എല്ലാ അക്കാദമിക കാര്യങ്ങളുടെയും ചർച്ച, രക്ഷിതാക്കളുടെ പങ്കാളിത്തം ഇവയെല്ലാം ഉറപ്പാക്കി കൊണ്ട് വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ. യുടെ പങ്കാളിത്തം ഉറപ്പ് നൽകുന്നു.

## എസ്.ആർ.ജി.

ആഴ്ചയിൽ ഒരു ദിവസം എസ്.ആർ.ജി. കൂടുന്നു. പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എസ്.ആർ.ജി. മിനിട്സ് തയ്യാറാക്കുന്നു. മുൻകാല

പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നു. ദിനാചരണങ്ങളെക്കുറിച്ചും മേളകളെ ക്കുറിച്ചും ചർച്ച ചെയ്ത് കുട്ടികളെ അതിനായി ഒരുക്കുന്നു.

## സ്കൂൾ അസംബ്ലി

തികഞ്ഞ അച്ചടക്കത്തോടെ, യൂണിഫോം ധരിച്ച് അച്ചടക്കത്തോടെ കുട്ടിക ളുടെ നേതൃത്വത്തിൽ എല്ലാ ദിവസവും അസംബ്ലി നടത്തുന്നു. പ്തരവാർത്ത, പൊതുവിജ്ഞാനം, മഹത് വചനങ്ങൾ, ചിന്താവിഷയങ്ങൾ, പ്രസംഗങ്ങൾ എന്നിവ അതാത് ക്ലാസ്സുകാരുടെ നേതൃത്വത്തിൽ കുട്ടികൾ തന്നെ നിർവഹിക്കുന്നു. ഇംഗ്ലീ ഷിൽ കൂടുതൽ പരിജ്ഞാനം ഉറപ്പാക്കുന്നതിനായി ആഴ്ചയിൽ 4 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.

കുട്ടികളുടെ ജന്മദിനത്തിൽ, അസംബ്ലിയിൽ അവർക്ക് ജന്മദിനാശംസകൾ നേരുന്നു. സമ്മാനങ്ങളും നൽകി വരുന്നു. കുട്ടികൾക്ക് നൽകേണ്ട എല്ലാ നിർദ്ദേശ ങ്ങളും ഹെഡ്മാസ്റ്റർ അസംബ്ലിയിൽ കുട്ടികളെ അറിയിക്കാറുണ്ട്. കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുക്കുകയും വിജയങ്ങൾ കൊയ്തെടുക്കുകയും ചെയ്യുന്നു.

## ബാലസഭ

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം ബാലസഭ നടത്തുന്നു.

## ഹിന്ദി പഠനം

ദേശീയ ഭാഷയായ ഹിന്ദിയിൽ മികവു നേടുന്നതിനായി പ്രീ പ്രൈമറി ക്ലാസ്സ് മുതൽ തന്നെ ഹിന്ദി പഠനം നടത്താൻ തീരുമാനിച്ചു.

## യോഗ പരിശീലനം

കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയിൽ യോഗ വളരെയേറെ പങ്കുവഹിക്കുന്നുണ്ട്. രോഗലക്ഷണങ്ങളെ നിയന്ത്രിക്കാനും ആരോഗ്യകരമായ ജീവിതം കെട്ടിപ്പടുക്കാനും യോഗ സഹായിക്കുന്നു. പഠനത്തിൽ ഏകാഗ്രത വർദ്ധി പ്പിക്കാനും യോഗ സഹായിക്കുന്നു. ആയതിനാൽ എല്ലാ വ്യാഴാഴ്ചകളിലും ഉച്ചഭക്ഷ ണത്തിന് മുമ്പായി യോഗ പരിശീലനം നടത്തുന്നു.

### നൃത്ത പരിശീലനം

പഠനപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നതിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്താൻ നൃത്തപരിശീലനം നൽകുന്നു. എല്ലാ ആഴ്ച യിലും ബുധനാഴ്ചകളിൽ നൃത്ത അധ്യാപിക സ്കൂളിലെത്തി കുട്ടികളെ പരിശീലിപ്പി ക്കുന്നു.

### നാടൻപാട്ട് പരിശീലനം

നമ്മുടെ നാടിന്റെ സംസ്കാരം മനസിലാക്കി തരുന്ന നാടൻപാട്ടുകൾ കേൾക്കാനും അവ പഠിക്കാനുമുള്ള അവസരം കുട്ടികൾക്ക് സ്കൂളിൽ ഒരുക്കുന്നു.

### ക്ലബ്ബുകളുടെ പ്രവർത്തനം

ക്ലബ്ബുകളുടെ പ്രവർത്തനം ഭംഗിയായി നിർവ്വഹിക്കുകയും പരസ്പരം മത്സര ബുദ്ധിയോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ക്ലാസ് മുറിയുടെ ശുചിത്വം ഹെൽത്ത് ക്ലബ്ബിനെ ഏൽപ്പിക്കുന്നു. ഇതിനാവശ്യമായ സാമഗ്രികൾ ഓരോ ക്ലാസ്സിലും സംഘടി പ്പിക്കുന്നു. കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറികൃഷിക്ക് പരിചരണം കൊടുക്കുകയും അവയ്ക്കാവശ്യമായ ജൈവവളങ്ങളും ജൈവകീടനാശിനികളും സ്കൂളിൽ തന്നെ തയ്യാറാക്കുന്നു.

### മാലിന്യ സംസ്കരണവും ശുചീകരണ പ്രവർത്തനങ്ങളും.

മാലിന്യ നിർമ്മാർജ്ജനത്തിനായി ജൈവ അജൈവ സംസ്കരണ കുഴികൾ, റിംഗ് എന്നിവ സ്കൂളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ക്ലാസിലും ചവറ്റുകൊട്ട, ഡസ്റ്റ ബിൻ, ചൂൽ, ചവിട്ടികൾ തുടങ്ങിയ ശുചീകരണ ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും വളരെയേറെ അപകടകരമായ വസ്തുതയാണ്. ഇത്തരം മാലിന്യങ്ങൾ പ്രകൃതിയേയും മനുഷ്യ നേയും പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് നൽകാൻ തീരുമാനിച്ചു.

### കുട്ടികളുടെ പഠനനിലവാരം കണ്ടെത്തൽ

കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നതിനായി നിരന്തര മൂല്യനിർണ്ണയ ത്തോടൊപ്പം യൂണിറ്റ് ടെസ്റ്റുകളും ടേം മൂല്യനിർണ്ണയങ്ങളുംനടത്തുന്നു. താഴ്ന്ന നില വാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിഹാരബോധനവും നടത്തിവരു

ന്നു. അവരെ നിശ്ചിത നിലവാരത്തിൽ എത്തിക്കുവാൻ ആവശ്യമായ വായ, എഴുത്ത്, ചതുഷ്ക്രിയ എന്നിവയ്ക്ക് വേണ്ടത്ര പരിശീലനം നൽകിവരുന്നു.

## മൂല്യനിർണ്ണയം

ടേം മൂല്യനിർണ്ണയത്തിലൂടെയും നിരന്തര മൂല്യനിർണ്ണയത്തിലൂടെയും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുകയും പഠന മികവിലേക്കായി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. പഠനയാത്രകളിൽ അദ്ധ്യാപകരും കുട്ടികളും രക്ഷിതാക്കളും പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയയ്യുന്നു. ആനുവൽ ഡേയ്ക്ക് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥിക്ക് സമ്മാനങ്ങള അു നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## ലോക്കൽ പി.ടി.എ.

വിദ്യാലയത്തിൽ എത്തുന്ന കുട്ടികളുടെ വാർഡുകൾ അനുസരിച്ച് ഓരോ ഭാഗത്തായി ലോക്കൽ പി.ടി.എ. യോഗം ചേരുന്നു. ഈ യോഗത്തിൽ വച്ച് ഹെഡ്മാസ്റ്ററിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരും രക്ഷകർത്താക്കളും ഉൾക്കൊള്ളുന്ന കമ്മറ്റി രൂപീകരിക്കുന്നു. സ്കൂളിലേക്കുള്ള അറിയിപ്പുകളും ഈ കമ്മറ്റിയിലൂടെയാണ് കൈമാറ്റം ചെയ്യുന്നത്.

## സാമൂഹിക പങ്കാളിത്തം

പ്രവേശനോത്സവത്തിൽ നിറഞ്ഞ സാമൂഹിക പങ്കാളിത്തം ഉണ്ടായിരുന്നു. ഓണാഘോഷത്തിന് വിവിധ വിഭവങ്ങൾ കൊണ്ടുവരികയും ഭക്ഷണം തയ്യാറാക്കുന്നതിന് നേതൃത്വം നൽകി ഓണപ്പരിപാടികൾ പങ്കാളികളാവുകയും ചെയ്യുന്നു. സ്വാതന്ത്ര്യദിനത്തിലും മധുരപലഹാരങ്ങൾ വിതരണം നടത്തി. ക്രിസ്തുമസ് ആഘോഷങ്ങളിൽ എല്ലാവരുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. കുട്ടികളുടെയും വിദ്യാലയത്തിന്റെയും പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ഗുണാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

വിദ്യാലയ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുകയും ലീഡേഴ്സിന്റെ നേതൃത്വത്തിലുള്ള സ്കൂൾ പാർലമെന്റ് സ്കൂൾ പുരോഗതിക്ക് ആവശ്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

സമൂഹം വിദ്യാലയ പ്രവർത്തനങ്ങളെ നല്ല ദൃഷ്ടിയോടെ കാണുന്നു. വിദ്യാലയതത്തിന്റെ പുരോഗതിക്കായി സഹായസഹകരണങ്ങൾ ഉറപ്പ് വരുത്തുന്നു. എസ്.എം.സി., പി.റ്റി.എ. എന്നിവയുടെ പ്രവർത്തനങ്ങളും സംഭാവനകളും വിദ്യാലയ

ത്തിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നു. എസ്.എസ്.ജി., സ്കൂൾ വികസന സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ ഞങ്ങളുടെ വിദ്യാലയത്തെ മികവിലേക്ക് എത്തിക്കുന്നു.

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല മലയാളം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• കൈത്താങ്ങ് ക്ലാസ്സുകൾ നടത്തുന്നു. | അദ്ധ്യാപകർ, PTA |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | • കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാ ലാബ് തയ്യാറാക്കുന്നു.<br>• ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | അദ്ധ്യാപകർ |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു. | • ഓരോ ക്ലാസ്സുകളിലും വായിക്കാനായി മാസത്തിൽ 4 തവണ ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. | അദ്ധ്യാപകർ |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ അന്തരീക്ഷം ആകർഷണീയമാക്കൽ | • സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുക. | അദ്ധ്യാപകർ |
| ഭാഷാപരമായ അടിസ്ഥാന ശേഷി കൈവരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. കൈത്താങ്ങ്, പഠനക്ലാസ്സുകളിൽ ഈ വർക്ക്ഷീറ്റ് ഉപയോഗിക്കുന്നു.<br>• വായനാമൂല സജ്ജീകരിക്കുന്നു.<br>• വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ, മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | അദ്ധ്യാപകർ |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല ഇംഗ്ലീഷ്

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| Defective Pronounciation | • Audio Video clipping on correct Pronounciation<br>• Language Lab<br>• ICT facilities, video clipping | Teachers |
| Lack of communication skill | • Language lab<br>• ICT facilities<br>• English Assembly<br>• Conducting English Fest<br>• Dramatisation of stories and enacting them. | Teachers |
| Illegible hand writing | • Peer group learning<br>• English diary, English Pen friends. | Teachers |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല പരിസരപഠനം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു. | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അദ്ധ്യാപകർ, |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • പാഠഭാഗങ്ങളിലെ ആശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർ ചിത്രങ്ങൾ വരക്കുന്നു. | അദ്ധ്യാപകർ |
| ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• പരീക്ഷണങ്ങളിൽ ഏർപ്പെടൽ | അദ്ധ്യാപകർ |
| പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • വർക്ക് ഷീറ്റ് നൽകൽ<br>• യൂണിറ്റ് ടെസ്റ്റുകൾ<br>• ഉപകരണ നിർമ്മാണ ശിൽപശാല | അദ്ധ്യാപകർ<br>PTA |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല ഗണിതം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ശിശുസൗഹൃദ പഠന സാമഗ്രിയുടെ കുറവ് | • ഗണിതലാബ്<br>• ഗണിത ലൈബ്രറി | അദ്ധ്യാപകർ, |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല. | • വർക്ക് ഷീറ്റ്<br>• മുന്നേറ്റം ക്ലാസ്സുകൾ | അദ്ധ്യാപകർ |
| ഗണിത, പഠനം രസകരവും ആകർഷക വുമാക്കാൻ സാധിക്കുന്നില്ല. | • ഗണിത ലാബ്<br>• ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | അദ്ധ്യാപകർ |
| ഗണിത സാഹിത്യ സൃഷ്ടികൾ പരിചയ പ്പെടാനും സ്വയം രചനകൾ നടത്താനും കഴിയുന്നില്ല. ഗണിതപഠനം വിരസമാകു ന്നു. | • ഗണിത മാഗസിൻ<br>• ചുമർപത്രികകൾ സ്കൂൾ തലം<br>• ഗണിത ശാസ്ത്രമേള<br>• ചോദ്യോത്തരപെട്ടി | അദ്ധ്യാപകർ |

## വിവിധതല പ്രവർത്തനങ്ങൾ

| മാസം | അക്കാദമികം | ഭൗതികം | സാമൂഹികം | ചുമതല |
|---|---|---|---|---|
| ജൂൺ | അവസ്ഥാപഠനം, മുന്നറിവ് പരിശോധന ലേഖനം, വായന, ഗണിത ശേഷികൾ, പ്രക്രിയശേഷികൾ, ഗണിതവിജയം, മലയാളത്തിളക്കം, Hello English പ്രവർത്തനങ്ങളുടെ തുടക്കം, ഐ.ടി. സൗകര്യങ്ങളുടെ ഉപയോഗപ്പെടുത്തൽ | സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>സ്കൂൾ പരിസര ശുചീകരണം<br>ആരോഗ്യബോധവൽക്കരണ ക്ലാസ്സ്<br>യോഗപരിശീലനവേദി ഒരുക്കൽ<br>ബാഗ്, പഠനോപകരണങ്ങൾ വിതരണം | SMC PTA യോഗം<br>SRG | PTA<br>അധ്യാപകർ |
| 1 | പ്രവേശനോത്സവം | | | |
| 5 | ലോകപരിസ്ഥിതി ദിനം | | | |
| 12 | ബാലവേലദിനം | | | |
| 14 | ലോകരക്തദാനദിനം | | | |
| 19 | വായനാദിനം | | | |
| 21 | യോഗാദിനം | | | |
| 26 | മയക്കുമരുന്ന് വിരുദ്ധദിനം | | | |
| 28 | ലോകദാരിദ്രദിനം GK Hunt പൊതുവിജ്ഞാ | | | |

| | | | | |
|---|---|---|---|---|
| | നം, ക്വിസ് പ്രവർത്തനങ്ങൾ | | | |
| ജൂലൈ | LEP പ്രവർത്തനങ്ങൾ പഠനപരിപോഷണ പരിപാടി, ഷെഡ്യൂൾ ചെയ്യുന്നു.<br>• മലയാളത്തിളക്കം<br>• Hello English<br>• ഗണിതവിജയം<br>• ഉല്ലാസഗണിതം<br>• വായനാ ചങ്ങാത്തം<br>• ദിനാചരണങ്ങൾ | ശുദ്ധജലം ലഭ്യമാക്കൽ<br>യോഗാപരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ | യോഗാപരിശീലനം | അധ്യാപകർ<br>SRG<br>SSG |
| 1 | ഡോക്ടേഴ്സ് ദിനം | | PTA യോഗം<br>SRG | |
| 5 | ബഷീർ അനുസ്മരണം | | | |
| 11 | ജനസംഖ്യാദിനം | | | |
| 28 | ലോകപ്രകൃതി സംരക്ഷണദിനം | | | രക്ഷിതാക്കൾ |
| 21 | ചാന്ദ്രദിനം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ | | ചാന്ദ്രദിന ക്വിസ് | |
| ആഗസ്റ്റ് | ദിനാചരണങ്ങൾ | | | PTA<br>അധ്യാപകർ |
| 15 | സ്വാതന്ത്ര്യദിനം | | | |

| | | | | |
|---|---|---|---|---|
| 6 | ഹിരോഷിമ | | | |
| 9 | നാഗസാക്കി (ക്വിറ്റിന്ത്യാ) | | | SRG |
| 12 | ലോകയുവജനദിനം | | | |
| 17 | കർഷകദിനം (ചിങ്ങം 1) | കൃഷിക്കായി നിലം ഒരുക്കൽ | കൃഷിക്കാരൻ അഭിമുഖം | |
| 20 | ദേശീയ സദ്ഭാവനാദിനം | | | |
| 28 | അയ്യങ്കാളി ദിനം | | | |
| 29 | ദേശീയ കായികദിനം | | | |
| | പതിപ്പ് നിർമ്മാണം | | | |
| | പതാക നിർമ്മാണം | പതാക നിർമ്മാണം | പതാക ഉയർത്തൽ | രക്ഷിതാക്കൾ |
| | ദേശഭക്തി ഗാനമത്സരം | | | |
| | പ്രസംഗ മത്സരം, ക്വിസ് | | Unit Test | |
| | പ്രച്ഛന്നവേഷമത്സരം | | | |
| | കർഷകദിനത്തിൽ കർഷകനുമായി അഭിമുഖം, കടംകഥകൾ, പഴഞ്ചൊല്ലുകൾ | | | |
| സെപ്റ്റംബർ 5 | അധ്യാപകദിനം | അധ്യാപക Role (പ്രച്ഛന്ന വേഷം) | വിരമിച്ച അദ്ധ്യാപകരെ ആദരിക്കൽ | അദ്ധ്യാപകർ |
| 3 | യുദ്ധവിരുദ്ധദിനം | | | |
| 8 | ലോകസാക്ഷരതാദിനം | | | |
| 14 | ദേശീയ ഹിന്ദിദിനം | | ഹിന്ദി ഭാഷാ ദിനം (അക്ഷരം) | SRG |

| | | | | |
|---|---|---|---|---|
| 16 | ഓസോൺ ദിനം | | | |
| 21 | ലോകസമാധാന ദിനം | | | |
| 21 | ശ്രീനാരായണ ഗുരു സമാധി ദിനം | ശ്രീനാരായണ ഗുരു പ്രച്ഛന്നവേഷം | മഹത്വചനങ്ങൾ, ശ്രീനാരായണ ഗുരുസൂക്തങ്ങൾ | SSG |
| 28 | പ്രകൃതിസൗഹൃദദിനം, അറിയാനുള്ള അവകാശദിനം, ക്വിസ് മത്സരം, റാലി | | ഓസോൺ (IT) Vision | PTA |
| | ഓണപ്പാട്ട്, പൂക്കളമത്സരം, മാവേലി (പ്രച്ഛന്നവേഷം) | ഓണസദ്യ ഓണപൂക്കളം | | |
| ഒക്ടോബർ | 1. വൃദ്ധദിനം | | | |
| 2 | ഗാന്ധിജയന്തി | ഗാന്ധിജയന്തി | Cleaning | |
| 10 | തപാൽദിനം | പോസ്റ്റ് ഓഫീസ് സന്ദർശനം | | |
| 15 | ലോകവിദ്യാർത്ഥിദിനം എ.പി.ജെ. അബ്ദുൽ കലാംദിനം | | വൃദ്ധജനങ്ങളെ ആദരിക്കൽ | PTA |
| 16 | ലോകഭക്ഷ്യദിനം | | | SRG |
| 24 | ഐക്യരാഷ്ട്രദിനം | | | SSG |
| | ആഹാരവുമായി ബന്ധപ്പെട്ട ചൊല്ലുകൾ ശേഖരിക്കൽ | | | |
| | കടംകഥകൾ | | | |
| | ഗാന്ധിജി ക്വിസ് പതിപ്പ്, ജീവചരിത്രക്കുറിപ്പ് | ഗാന്ധിജയന്തി | ഗാന്ധിജി പ്രച്ഛന്ന | |

| | | | | |
|---|---|---|---|---|
| | മഹത്വചനങ്ങൾ (സൂക്തങ്ങൾ) കലാകായി<br>കപ്രവൃത്തി പരിചയമേള ഒരുക്കൾ നടത്തൽ | | വേഷം<br>അബ്ദുൽ കലാം<br>അനുസ്മരണം | |
| നവംബർ 1<br>7<br>11<br>14<br><br>19 | കേരളപ്പിറവി ദിനം<br>സി.വി. രാമൻ ദിനം<br>ദേശീയ വിദ്യാഭ്യാസദിനം<br>ശിശുദിനം (പ്രമേഹദിനം)<br><br>ദേശീയോദ്ഗ്രഥനദിനം<br>ക്വിസ് - കേരളപ്പിറവി ശിശുദിനം<br><br>കേരളത്തെ വർണ്ണിക്കുന്ന പാട്ടുകൾ<br><br>കേരളം - നദികൾ, ജില്ലകൾ, 44 നദികൾ, 14 ജില്ലകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ | ശിശുദിന പോസ്റ്റർ<br><br>ശിശുദിന പതിപ്പ്<br>കേരളത്തിലെ ജില്ലകൾ<br>ചിത്രപ്രദർശനം<br><br><br>മധുരപലഹാര വിതരണം | നെഹ്റു പ്രച്ഛന്ന<br>വേഷം<br>ശിശുദിന റാലി<br>മുദ്രാവാക്യങ്ങൾ<br>(Slogans)<br>മലയാളി മങ്ക കേരള<br>കേസരി | PTA<br><br>SRG<br>SSG<br><br>അദ്ധ്യാപകർ |
| ഡിസംബർ 1<br>3<br>10 | ലോക എയ്ഡ്സ് ദിനം<br>ലോകഭിന്നശേഷി ദിനം<br>മനുഷ്യാവകാശദിനം പൗരന്റെ അടിസ്ഥാന പരമായ കടമകളും അവകാശങ്ങളും.<br>5-ാം തീയതി മുതൽ മോഡൽ എക്സാം<br>പഠനയാത്ര | | | |

| | | | | |
|---|---|---|---|---|
| ജനുവരി 24<br>26<br>30 | പെൺകുട്ടികളുടെ ദിനം<br>റിപ്പബ്ലിക് ദിനം<br>രക്തസാക്ഷിദിനം<br>റിപ്പബ്ലിക്ദിന ക്വിസ്<br>ദേശഭക്തിഗാനങ്ങൾ<br>പെൺകുട്ടികളുടെ കലകളെ പോഷിപ്പി ക്കുന്ന പ്രവർത്തനങ്ങൾ<br>റിപ്പബ്ലിക്ദിന പ്രതിജ്ഞ - സ്കൂൾ എസം ബ്ലിയിൽ<br>റിപ്പബ്ലിക്ദിനപതിപ്പ് | പ്രച്ഛന്നവേഷം<br>വനിതകളെ ആദരിക്കൽ | പതാക ഉയർത്തൽ<br>ഗാന്ധി അനുസ്മ രണം | അധ്യാപകർ<br>PTA<br>SRG<br>SSS |
| ഫെബ്രുവരി 21<br>22<br>28 | അന്തർദേശീയ മാതൃഭാഷാദിനം<br>ലോക സ്കൗട്ട്ദിനം<br>ദേശീയ ശാസ്ത്രദിനം | വായനാ കാർഡ് നിർമ്മാണം | പത്രവാർത്ത വായന<br>കടംകഥകൾ | അധ്യാപകർ<br>PTA |
| മാർച്ച് 8<br>15<br>21<br>22 | വനിതാദിനം<br>ഉപഭോക്തൃദിനം<br>വനവൽക്കരണദിനം<br>ജലദിനം | സസ്യങ്ങൾ വച്ചുപിടിപ്പി ക്കൽ<br>ജലദിനം പോസ്റ്റർ നിർമ്മാണം | ചിത്രവായന<br>ജലം പഴഞ്ചൊല്ലു കൾ | സ്കൂൾ വാർഷികം<br>SRG<br>PTA |

| | | | | |
|---|---|---|---|---|
| 23 | കാലാവസ്ഥാദിനം<br>സ്കൂൾ വാർഷിക ക്വിസ്<br>വനവൽക്കരണത്തിന്റെ പ്രാധാന്യം വ്യക്ത മാക്കുന്ന പോസ്റ്റർ<br>പഴഞ്ചൊല്ലുകൾ<br>കടംകഥകൾ | ശാസ്ത്ര പ്രദർശനം | ശാസ്ത്ര പരീക്ഷണ ങ്ങളിൽ ഏർപ്പെടൽ | SRG<br>SSG |
| ഏപ്രിൽ | പ്രമോഷൻ ലിസ്റ്റ് കൺസോളിഡേഷൻ | | ഹൗസ് വിസിറ്റിംഗ് | അധ്യാപകർ |
| മെയ് | ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ. കുടിവെള്ളം, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ഒരുക്കൽ, പ്രവേശനോത്സവം ചർച്ച | SRG കൂടൽ | പരിസരശുചീക രണം | അധ്യാപകർ, പി.ടി.എ. |

# 2025 - 2026

## നൂതന പഠനപ്രവർത്തനങ്ങൾ

പുതിയ അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ച് ഈ അധ്യയനവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു ചെറിയ മാർഗ്ഗരേഖ.

- ബാലസഭ
- യോഗാപരിശീലനം
- പ്രവൃത്തി പരിചയം
- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- വായനാചങ്ങാത്തം
- ഗണിതവിജയം
- ഉല്ലാസഗണിതം
- ചിത്രരചന

മലയാളഭാഷയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഓരോ ദിവസവും ചിഹ്നങ്ങൾ ഓർമ്മിക്കാനായി പ്രവർത്തനങ്ങൾ നൽകി. കോവിഡ് കാലത്തെ അതിജീവിക്കുന്ന തരത്തിലായിരുന്നു പ്രവർത്തനങ്ങൾ നൽകിയത്. മലയാളം വായനാ കാർഡുകൾ നൽകി വായന ചങ്ങാത്തം എന്ന പ്രവർത്തനം നൽകി. ലൈബ്രറി പുസ്തകങ്ങൾ നൽകി വായനാക്കുറിപ്പ് തയ്യാറാക്കൽ കുട്ടികളോട് ആവശ്യപ്പെട്ടു. ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെടുത്തി Dictionary തയ്യാറാക്കൽ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ self introduction, English Pledge എന്നിവയും ഓരോ ദിവസവും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 5 വാക്യം കുട്ടികളെ കൊണ്ട് പറയിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. സ്കൂളിലെ ഓരോ കുട്ടിയും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടണം എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

# പ്രതിമാസ കലണ്ടർ

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| | **2025 ജൂൺ** | |
| 2/6 | പ്രവേശനോത്സവം മധുരവിതരണം | അധ്യാപകർ, PTA, MPTA, SRG |
| 3/6 | ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരണം | |
| 4/6 | പരിസ്ഥിതി ദിനാചരണം മുന്നൊരുക്കം<br>SRG Meeting | അധ്യാപകർ |
| 5/6 | പരിസ്ഥിതി ദിനാചരണം<br>വൃക്ഷത്തൈ നടീൽ പ്രതിജ്ഞ,<br>വൃക്ഷത്തൈ വിതരണം, മത്സരങ്ങൾ | HM<br>അധ്യാപകർ |
| 9/6 | പരിസ്ഥിതി ദിനം GK | അധ്യാപകർ |
| 10/6 | GK Daily Spoken English | അധ്യാപകർ |
| 19/6 | വായനാദിനാചരണം, പി.എൻ. പണിക്കർ ചരമദിനം, വായനാവാരം, വായനാമൂല ഒരുക്കൽ, ലൈബ്രറി ഉദ്ഘാടനം മത്സരങ്ങൾ | അധ്യാപകർ |
| 23/6 | Staff meeting, യോഗ ക്ലാസ് ആരംഭം | അധ്യാപകർ |
| 25/6 | PTA General Body Meeting Class PTA<br>വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം | അധ്യാപകർ |
| | **2025 ജൂലൈ** | |
| ഹരിതവിദ്യാലയം | കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് - പരിസ്ഥിതി സംരക്ഷണം, ഡ്രൈഡേ എല്ലാ ബുധനാഴ്ചയും, പച്ചക്കറി പൂന്തോട്ട പരിപാലനം കുട്ടികൾക്ക് ചുമതല നൽകുന്നു. | |
| യോഗ ക്ലാസ് | എല്ലാ വ്യാഴാഴ്ചയും കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നു. | |
| നൃത്ത പരിശീലനം | എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികൾക്ക് നൃത്ത പരിശീലനം നൽകുന്നു. | |
| ബാലസഭ | എല്ലാ വെള്ളിയാഴ്ചകളിലും ബാലസഭ നടത്തുന്നു | |
| ഹിന്ദി | Pre Primary മുതൽ കുട്ടികൾക്ക് ഹിന്ദി ഭാഷയിൽ പരി | |

| | | |
|---|---|---|
| പഠനം | ശിലനം നൽകുന്നു. അക്ഷരങ്ങൾ പഠിപ്പിക്കുന്നു. | |
| ക്ലാസ് മുറി | ഇരിപ്പിട സൗകര്യം ഒരുക്കുന്നു. വായു, വെളിച്ചം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നു. | |
| SRG | എല്ലാ വ്യാഴാഴ്ചയും SRG അജണ്ട അനുസരിച്ച് കൂടുന്നു. മിനിറ്റ്സ് തയ്യാറാക്കുന്നു. മുൻപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. അടുത്ത ആഴ്ചയിലെ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | HM, അധ്യാപകർ |
| ജനാധിപത്യ പൊതുപ്രവർ നങ്ങൾ | അസംബ്ലി GK, പ്രതിജ്ഞ, പ്രസംഗം, പത്രവായന, Self Introduction ഇംഗ്ലീഷ്, മലയാളം, അസംബ്ലി, കടങ്കഥ, പഴഞ്ചൊല്ല്, ചിന്താവിഷയം, കുട്ടിക്കവിത. | അധ്യാപകർ |
| KCSL | എല്ലാ ബുധനാഴ്ചയും KCSL Meeting കൂടുന്നു. | അധ്യാപകർ |
| നല്ലപാഠം | മലയാള മനോരമയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയായ നല്ലപാഠത്തിന്റെ പദ്ധതികൾ സ്കൂളിൽ നടത്തുന്നു. | അധ്യാപകർ |
| പോഷകാഹാര പരിപാടി | ശുചിത്വം നിറഞ്ഞ പാചകമുറി, തിളപ്പിച്ചാറ്റിയ വെള്ളം, സമൃദ്ധമായ ഭക്ഷണം, | അധ്യാപകർ |
| Staff meeting | എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് കൂടി അക്കാദമികമായ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | HM, അധ്യാപകർ |
| IT പരിശീലനം | ഒിവര വിനിമയ സാങ്കേതിക വിദ്യയിലിൽ കുട്ടികളെ കൂടുതൽ പ്രഗത്ഭരാക്കാനായി ആഴ്ചയിൽ 2 ദിവസം എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും ഐ. ടി. പരിശീലനം നൽകുന്നു. | അധ്യാപകർ |
| 4/7 | ബഷീർദിനാചരണം, മുന്നൊരുക്കം, മത്സരങ്ങൾ | അധ്യാപകർ |
| 10/7 | Dance Class ആരംഭം | അധ്യാപിക |
| | SRG meeting | HM, അധ്യാപകർ |
| 11/07 | ലോകജനസംഖ്യാദിനം, ക്വിസ്, പ്രസംഗം | അധ്യാപിക |
| 14/07 | Class Test | അധ്യാപകർ |
| 17/07 | കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ 1 | വിദ്യാരംഗം |

| | | |
|---|---|---|
| | മണിക്കൂർ വിദ്യാരംഗം പരിപാടികൾ | കൺവീനർ |
| 22/07 | ചാന്ദ്രദിനം, റോക്കറ്റ് നിർമ്മാണം വീഡിയോ പ്രദർശനം, ക്വിസ് | അധ്യാപകർ |
| 29/7 | SRG meeting മുൻ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, പോരായ്മകൾ ചർച്ച, പഠനസാമഗ്രികൾ ഒരുക്കൽ. ചാന്ദ്രദിനം, റോക്കറ്റ് നിർമ്മാണം വീഡിയോ പ്രദർശനം, ക്വിസ് | |
| **<u>ആഗസ്റ്റ് 2025</u>** | | |
| 1/8 | ക്ലബ്ബുകൾ പ്രവർത്തനങ്ങൾ ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. | ഗണിത അധ്യാപകർ |
| 4/8 | ആരോഗ്യകായിക പരിപാടിയുടെ ഭാഗമായി മാസ്ഡ്രിൽ | അധ്യാപകർ |
| 5/8 | സയൻസ് പരീക്ഷണങ്ങൾ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. | സയൻസ് അധ്യാപകർ |
| 7/8 | SRG meeting, ക്ലാസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു | അധ്യാപകർ |
| 11/8 | Spoken English, IT class കൾ നൽകുന്നു. IT കളികളിലൂടെ അവതരിപ്പിക്കുന്നു. | അധ്യാപകർ |
| 14/8 | കാലാവസ്ഥ അനുസരിച്ച് പച്ചക്കറി, ഔഷധം, പൂന്തോട്ടം ഒരുക്കൽ, സന്ദർശനം. | അധ്യാപകർ |
| 15/8 | സ്വാതന്ത്ര്യദിനം പതാക ഉയർത്തൽ | |
| 18/8 | ക്വിസ്, പ്രസംഗം, ചിത്രരചന, പോസ്റ്റർ തുടങ്ങിയ സ്വാതന്ത്ര്യദിന പ്രവർത്തനങ്ങൾ ചെയ്യുന്നു. | HM, അധ്യാപകർ |
| 21/8 | SRG meeting, ഓണാഘോഷ ചർച്ച | |
| 22/08 | ബാലസഭ | |
| 25/8 | പൂന്തോട്ടം, പച്ചക്കറിത്തോട്ട പരിപാലനം | |
| 27/8 | KCSL meeting | |
| 29/8 | ഓണാഘോഷം | |
| **<u>സെപ്റ്റംബർ 2025</u>** | | |
| 8/9 | അധ്യാപക ദിന ക്വിസ് മത്സരം | അധ്യാപകർ |
| 11/9 | SRG Meeting, Class Test വിലയിരുത്തൽ | അധ്യാപകർ |

| | | |
|---|---|---|
| 16/9 | ഓസോൺ ദിനം ക്വിസ് | അധ്യാപകർ |
| 19/09 | Class PTA | അധ്യാപകർ |
| 23/9 | ക്ലബ്ബുകൾ - ലോകം പരിചയപ്പെടുത്തൽ, പരിസരപഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, IT Help ഉപയോഗിച്ച് കുട്ടികളെ കാണിക്കുന്നു. | അധ്യാപകർ |
| 25/9 | SRG Meeting | |
| **ഒക്ടോബർ 2025** | | |
| 3/10 | വൃദ്ധദിനം, വൃദ്ധജനങ്ങളെ ആദരിക്കൽ<br>ഗാന്ധിജയന്തി<br>പ്രസംഗം, ക്വിസ്, ഗാന്ധി സൂക്തങ്ങൾ, സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടൽ, സേവന വാരം. | അധ്യാപകർ |
| 6/10 | Spoken English, IT Class കലാമേള ഒരുക്കം | അധ്യാപകർ |
| 7/10 | ബോധവൽക്കരണ ക്ലാസ് | |
| 9/10 | GK class, ക്ലബ് പ്രവർത്തനങ്ങൾ SRG | |
| 10/10 | ബാലികാദിന പ്രവർത്തനങ്ങൾ, ബാലികമാരെ ആദരിക്കൽ | |
| 16/10 | ലോക ഭക്ഷ്യദിനം വീഡിയോ പ്രദർശനം | |
| 17/10 | ലോക ദാരിദ്ര്യനിർമ്മാർജ്ജന ദിനം | |
| 24/10 | Dance Class | |
| 30/10 | SRG Meeting കേരളപ്പിറവി ആഘോഷം | |
| **നവംബർ 2025** | | |
| 3/11 | സ്കൂൾതല കലോത്സവം | |
| 5/11 | KCSL Meeting | |
| 6/11 | SRG meeting ഉപജില്ലാ കലോത്സവം മുന്നൊരുക്കം ചർച്ച | |
| 7/11 | IT class | |
| 12/11 | SRG meeting ശിശുദിനം ചർച്ച | |
| 14/11 | ശിശുദിനാഘോഷം, മിഠായി വിതരണം, ക്വിസ്, റാലി, മുദ്രാവാക്യങ്ങൾ, പോസ്റ്റർ, പ്രസംഗ മത്സരങ്ങൾ | |

| | | |
|---|---|---|
| 18/11 | വായനാമൂലം വായനച്ചങ്ങാത്തം, വായനാ കാർഡ് തയ്യാറാക്കൽ | |
| 20/11 | SRG meeting | |
| 21/11 | Hello English Class | |
| 24/11 | Class Test | |
| 27/11 | SRG കായിക മത്സരങ്ങൾ ചർച്ച | |
| 28/11 | Dance class | |
| **ഡിസംബർ 2025** | | |
| 2/12 | കായികപരിശീലനം, സ്കൂൾതല കായിക മത്സരങ്ങൾ | അധ്യാപകർ |
| 4/12 | SRG, Class Test | HM, അധ്യാപകർ |
| 5/12 | Dance Class | |
| 9/12 | വായനാമൂല ഒരുക്കൽ, വായനാ കാർഡുകൾ വായിക്കുന്നു. Class Test revision | അധ്യാപകർ |
| 15/12 | Class Test | |
| 17/12 | SRG ക്രിസ്തുമസ് ആഘോഷം ചർച്ച | HM, അധ്യാപകർ |
| 19/12 | ക്രിസ്തുമസ് ആഘോഷം | |
| 29/12 | പൂന്തോട്ടം, പച്ചക്കറിത്തോട്ടം പരിപാലനം | അധ്യാപകർ |
| **ജനുവരി 2026** | | |
| 1/1/26 | SRG class test വിലയിരുത്തൽ, ആനിവേഴ്സറി ചർച്ച | HM, അധ്യാപകർ |
| 5/1/26 | Class PTA | PTA, അധ്യാപകർ |
| 8/1/26 | ക്ലബ്ബുകളുടെ പ്രവർത്തനം | |
| 10/1/25 | കുട്ടികളുടെ ഭവനസന്ദർശനം നടത്തുന്നു. | |
| 13/01/26 | ആനിവേഴ്സറി പ്രാക്ടീസ് | |
| 15/01/26 | SRG ദിനാചരണം ചർച്ച റിപ്പബ്ലിക് ദിനം | |
| 16/01/26 | Dance Class | |
| 27/1/26 | റിപ്പബ്ലിക് ദിനം, ക്വിസ്, പ്രസംഗം, | |

| ഫെബ്രുവരി 2026 | | |
|---|---|---|
| ഹരിതവിദ്യാലയം | സ്കൂൾ കോമ്പൗണ്ട് ഭംഗിയാക്കുന്നു. | അധ്യാപകർ |
| ജനാധിപത്യ പൊതുപ്രകടനവേദികൾ | സ്കൂൾ അസംബ്ലി ലൈബ്രറി | അധ്യാപകർ |
| ലൈബ്രറി | കുട്ടികൾ പുസ്തകം വായിക്കലും കുറിപ്പ് തയ്യാറാക്കുന്നു അവലോകനം | അധ്യാപകർ |
| പഠനസാമഗ്രികൾ ഒരുക്കൽ | യൂണിറ്റ് മൂല്യനിർണയവും തുടർപ്രവർത്തനങ്ങളും | അധ്യാപകർ |
| സമഗ്ര ആരോഗ്യ പരിപാടി | പ്രഥമ ശുശ്രൂഷാ സൗകര്യം ഒരുക്കൽ, ആരോഗ്യ ക്ലാസ് സംഘടിപ്പിക്കൽ | അധ്യാപകർ |
| ഐ.ടി. അധിഷ്ഠിത പഠനം | എല്ലാ ക്ലാസ്സുകളിൽ കമ്പ്യൂട്ടർ സൗകര്യം, ഐ.ടി. കേന്ദ്രീകൃതം | അധ്യാപകർ |
| | യൂണിറ്റ് ടെസ്റ്റ് | |
| | സ്കൂൾ ആനിവേഴ്സറി | |
| **മാർച്ച് 2026** | | |
| ലൈബ്രറി | ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ ശുചീകരണം. | അധ്യാപകർ |
| | പത്രവായന, എല്ലാ ക്ലാസ്സിലും വായന ഉറപ്പാക്കൽ | |
| പഠനോത്സവം | കുട്ടികൾ ആർജിച്ചെടുത്ത പഠനനേട്ടങ്ങളുടെയും ശേഷികളുടെയും പ്രദർശനം | |
| | ക്ലാസ് പി.ടി.എ. | |
| | Class Test | |
| | വാർഷിക പരീക്ഷ | |

**വാർഷിക പരീക്ഷ ഒരുക്കൽ**

എല്ലാ ദിവസവും രാവിലെ 9.45 ന് സ്കൂൾ അസംബ്ലി. ഓരോ ക്ലാസ്സുകാരും ലീഡ് ചെയ്യുന്നു. ജി.കെ., വായന, ചിന്തകൾ, പ്രസംഗം, ഗാനം ഇവ അവതരിപ്പിക്കുന്നു. ബുധനൊഴിച്ച് എല്ലാ ദിവസവും യൂണിഫോം. പഠനവൈകല്യം, മറ്റു പോരായ്മകൾ ഉള്ളവർക്ക് അധികബോധന സൗകര്യം ഒരുക്കുന്നു. എല്ലാ ദിവസവും സ്കൂളും പരിസരവും വൃത്തിയാക്കുന്നു. കുട്ടികൾക്ക് ക്ലാസ് തിരിച്ച് കഠ രഹമമൈ നൽകുന്നു. ഏഗ പുസ്തകം നൽകി പഠിപ്പിക്കുന്നു. ഗണിത ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഒലഹഹീ ളിഴഹശവെ, ഗണിതവിജയം മോഡൽ തുടരുന്നു. ദിനാചരണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ്സ്തല പ്രവർത്തനങ്ങൾ

## മലയാളം

**ക്ലാസ് -1**

**ശേഷി : എല്ലാ കുട്ടികൾക്കും തെറ്റ് കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുക.**

**പ്രവർത്തനങ്ങൾ**

- പാട്ടരങ്ങ്
- സംയുക്ത ഡയറി
- രചനോത്സവം
- നിർമ്മാണ ശിൽപശാല
- റീഡേഴ്സ് തീയേറ്റർ
- മലയാള മധുരം
- ഗ്രാഫിക് വായന (ചാർട്ടിൽ എഴുതിയ വാക്കുകൾ/വാക്യങ്ങൾ)
- ലഘുചേദ്യങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കൽ
- വാക്യങ്ങൾ, വാക്കുകൾ, അക്ഷരങ്ങൾ എന്നിവയുടെ എഴുത്ത് രൂപം പരിചയപ്പെടുന്നു.
- അക്ഷര ചിത്രം (നിറം നൽകുന്നു.)
- വരികൾ കൂട്ടിച്ചേർക്കുന്നു.
- പാട്ടുകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നു.
- പദസൂര്യൻ
- ഉച്ചത്തിൽ വായന
- വിട്ടുപോയ ചിഹ്നങ്ങൾ ചേർക്കൽ
- വായനച്ചങ്ങാത്തം

**ക്ലാസ് -2**

**ശേഷി : എഴുതാനും പറയാനും വായിക്കാനുമുള്ള ശേഷി നേടുന്നു.**

**പ്രവർത്തനങ്ങൾ**

- സചിത്രബുക്ക്

- സംയുക്ത ഡയറി.
- ലഘുചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.
- ഗ്രാഫിക് വായന
- വായന കാർഡ്
- വായനാമൂല ഒരുക്കുന്നു (കളിക്കുടുക്ക, ബാലമാസികകൾ)
- വരികൾ കൂട്ടിച്ചേർക്കുന്നു
- കഥാപൂരണം
- കടംകഥകൾ, പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു
- പദസൂര്യൻ
- കുട്ടിക്കവിതകൾ, ഈണം, താളം, ഭാവം എന്നിവയോടെ ചൊല്ലുന്നു.
- ഉച്ചത്തിൽ വായന
- വായനാച്ചങ്ങാത്തം.
- ശുചിത്വ സർവ്വേ ക്ലാസ്സുകൾ, പോസ്റ്റർ രചന മത്സരം

**ക്ലാസ് –3**

**ശേഷി : വായിക്കാനും, ആശയം പറയാനും, എഴുതാനുമുള്ള ഉയർന്ന ശേഷി നേടുന്നു.**

## പ്രവർത്തനങ്ങൾ

- ഈണം കണ്ടെത്തൽ – അവതരിപ്പിക്കൽ
- വിവിധ വ്യവഹാരരൂപത്തിലേക്ക് ആശയം മാറ്റുന്നു. (കഥ, കവിത, നാടകം, വിവരണം, കുറിപ്പ് . . .)
- കുറിപ്പുകൾ തയ്യാറാക്കുന്നു.
- വായനാകാർഡ്
- ലൈബ്രറി പുസ്തകം – ക്ലാസ് ലൈബ്രറി
- വായനാക്കുറിപ്പ് – അവതരണം
- ഡയറി, ജീവചരിത്രക്കുറിപ്പ്, നോട്ടീസ്, പോസ്റ്റർ
- യാത്രാവിവരണം
- കവിതാപൂരണം

- കഥാപൂരണം
- പദശേഖരം
- കടംകഥ, പഴഞ്ചൊല്ല്, നാടൻ പാട്ട്, ശേഖരണം അവതരണം
- പതിപ്പുകൾ
- നിർമ്മാണം - ആശംസാ കാർഡ്, പട്ടം
- പത്രം
- ആസ്വാദനക്കുറിപ്പ്
- അടിക്കുറിപ്പ്
- പദസൂര്യൻ
- ചുമർപത്രിക
- ദൃക്സാക്ഷി വിവരണം
- വായനച്ചങ്ങാത്തം

**ക്ലാസ് -4**

**മലയാളം**

## പ്രവർത്തനങ്ങൾ

- കഥാപൂരണം
- കവിതാപൂരണം
- ഈണം കണ്ടെത്തൽ
- വായനാക്കുറിപ്പ് - അവതരണം
- വിവിധ വ്യവഹാരത്തിലേക്ക് ആശയം മാറ്റുന്നു. (കഥ, കവിത, നാടകം, വിവരണം, കുറിപ്പ് . . . )
- ഡയറി, ജീവചരിത്രക്കുറിപ്പ്, നോട്ടീസ്, പോസ്റ്റർ
- കത്ത്
- കുറിപ്പുകൾ തയ്യാറാക്കുന്നു
- താരതമ്യക്കുറിപ്പ്
- അഭിനയം
- സംഭാഷണം എഴുതൽ

- പാചകക്കുറിപ്പ് തയ്യാറാക്കൽ
- ലൈബ്രറി പുസ്തകം - സ്കൂൾ ലൈബ്രറി
- ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ, സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ,
- കേട്ടെഴുത്ത്
- വായനാ കാർഡ്
- പദശേഖരം
- യാത്രാവിവരണം
- കടംകഥ, പഴഞ്ചൊല്ല്, ശൈലികൾ, നാടൻപാട്ട്, ശേഖരണം, അവതരണം
- പതിപ്പ് നിർമ്മാണം
- പത്രം
- അസ്വാദനക്കുറിപ്പ്
- ചുമർപത്രിക
- ദൃക്സാക്ഷി വിവരണം

**ഗണിതം**

**ക്ലാസ്സ് - 1,2**

- ശേഷി - വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന്
- കൂട്ടങ്ങളെ സംഖ്യയുമായി ബന്ധിപ്പിക്കുന്നതിനുള്ള കഴിവ്
- കൂട്ടങ്ങളെ പരിചയപ്പെടുത്തി സംഖ്യയുമായി ബന്ധപ്പെടുത്തി ക്രമീകരിക്കാനുള്ള ശേഷി
- വ്യത്യസ്തമായ രണ്ട് കൂട്ടങ്ങളഅം ചേർത്താൽ ഉണ്ടാകുന്ന വലിയ കൂട്ടത്തെ പരിചയപ്പെടുന്നു (സങ്കലനം)
- ഒരു കൂട്ടത്തിൽ നിന്ന് എടുത്തുമാറ്റിയാൽ ഉണ്ടാകുന്ന കൂട്ടം പരിചയപ്പെടുന്നു (വ്യവകലനം)
- 1 മുതൽ 99 വരെയുള്ള സംഖ്യകൾ - എഴുതാനും വായിക്കാനും, വ്യാഖ്യാനിക്കാനുമുള്ള ശേഷി നേടുന്നു.
- ELPS ൽ ഊന്നിയ പ്രവർത്തനങ്ങൾ

**പ്രവർത്തനം**

- നമ്പർ കാർഡ്
- ചിഹ്നങ്ങൾ പരിചയപ്പെടുന്നു.
- പരിചിത സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
- ഗണിതകിറ്റഅ ഉപയോഗിച്ച് സംഖ്യകൾ എണ്ണാനും വ്യാഖ്യാനിക്കാനും
- ഗണിതഫ്ളോട്ട് പ്രയോജനപ്പെടുത്തുന്നു.
- സ്റ്റാംപിറ്റ്
- ശേഖരണം
- അക്കച്ചിത്രം

**3, 4 ക്ലാസ്സുകൾ**

- സംഖ്യകൾ കൂട്ടുകാർ, നമ്പർ കാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ നിർമ്മിക്കൽ
- സംഖ്യകളെ വലുത്, ചെറുത് - താരതമ്യം
- ആരോഹണ അവരോഹണ ക്രമത്തിലാക്കൽ
- ഗണിത കേളികൾ
- മാന്ത്രിക ചതുരങ്ങൾ
- മാന്ത്രികവൃത്തം
- ഈർക്കിൽ രൂപങ്ങൾ
- നോട്ടുകൾ നാണയങ്ങൾ -എങ്ങനെയെല്ലാം ആകാം
- പട്ടിക രൂപീകരണം
- ഗണിത പസിലുകൾ പരിചയപ്പെടൽ
- ഗണിത പാറ്റേണുകൾ

## 3,4 ക്ലാസ്സുകളിലെ പരിസ പഠന പ്രവർത്തനങ്ങൾ

- പ്രകൃതി പഠനം - ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ. പ്രത്യേകതകൾ മനസിലാക്കൽ, ജീവികളുടെ പരസ്പരാശ്രയത്വം, മലിനീകരണ പ്രസ്നങ്ങൾ, പ്രകൃതിക്ക് ഭീഷിണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ
- പരീക്ഷണം - ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. വിത്ത് മുളയ്ക്കൽ പരീക്ഷണം
- പോസ്റ്റർ നിർമ്മാണം - പരിസ്ഥിതി സംരക്ഷണം, ആരോഗ്യ പരിപാലനം, സ്വാതന്ത്ര്യദിനം
- അക്ഷരചിത്രം - വിവിധ അക്ഷരങ്ങൾ ഉപയോഗിച്ച് മൃഗങ്ങളെ വരയ്ക്കൽ
- പ്ലക്കാർഡ് നിർമ്മാണം - ജലസംരക്ഷണം
- കാർട്ടൂൺ - ജലസംരക്ഷണം
- ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ നിർമ്മാണം
- പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം
- ഔഷധസസ്യങ്ങൾ നടൽ
- ദേശീയ പതാക നിർമ്മാണം
- പ്രോജക്ട് തയ്യാറാക്കൽ
- ദേശഭക്തി ഗാനങ്ങൾ ശേഖരിക്കൽ
- പതിപ്പ് - സ്വാതന്ത്ര്യസമര നേതാക്കളുടെ ചിത്രങ്ങൾ
- പരീക്ഷണക്കുറിപ്പ്
- നിരീക്ഷണക്കുറിപ്പ്
- വിവിധ തരം സസ്യങ്ങളുടെ ഇലകൾ ശേഖരിക്കൽ
- പട്ടികപ്പെടുത്തൽ, വർഗീകരണം
- മഴക്കാലവുമായി ബന്ധപ്പെട്ട പത്രക്കുറിപ്പുകൾ ശേഖരിക്കൽ
- കേരളം - ഭൂപട നിർമ്മാണം
- കേരളത്തിലെ 44 നദികളുടെ ചിത്രങ്ങൾ ശേഖരിക്കൽ
- പക്ഷി നിരീക്ഷിണം

## ക്ലാസ് 1 - 4 English

- ക്ലാസ് തലപ്രവർത്തനങ്ങൾ
- ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ
- Lets Talk - English ബാലസഭ
- ഇംഗ്ലീഷ് അസംബ്ലി – One day English
- ഇംഗ്ലീഷ് ഡയറി – Dictionary, Drama, Skit, Conversation, Story Telling
- ഇംഗ്ലീഷ് കൈയ്യെഴുത്ത്
- ഇംഗ്ലീഷ് corner
- English fest
- Spoken English, Picture Description
- Word Web
- Prowerb - Riddiles

## ഉപസംഹാരം

കുട്ടികളുടെ സമഗ്രമായ വികസനം മുന്നിൽ കണ്ടു കൊണ്ടുള്ള പഠനപ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ കഴിവുകളെ കണ്ടെത്തി മികച്ച പൗരന്മാരായി അവരെ മാറ്റാൻ നമുക്ക് സാധിക്കും. ഇതിനായി സർക്കാരും അധ്യാപകരും രക്ഷിതാക്കളും ഒപ്പം കുട്ടികളും കൂടി ശ്രമിച്ചാൽ ഈ ശ്രമം പരാജയമായി തീരുകയില്ല. ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുക. എല്ലാവരുടെയും സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

“നിങ്ങൾക്ക് നിങ്ങളുടെ ദൗത്യത്തിൽ വിജയമുറപ്പിക്കണമെങ്കിൽ ഏക മനസ്സോടെ ആ ലക്ഷ്യത്തിനായി സ്വയം അർപ്പിതനാകണം.” എ.പി.ജെ. അബ്ദുൾ കലാമിന്റെ ഈ വാക്കുകളോടെ ഉപസംഹരിക്കട്ടെ.